പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 502** 26/04/2017 ൽ മറുപടിക്ക്

## കാസർഗോഡ് BHELയൂണിറ്റ് അഭിമുഖീകരിക്കുന്ന പ്രതിസന്ധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് BHEL യൂണിറ്റ് അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എന്താണെന്ന് വിശദീകരിക്കാമോ; | (എ) | ഭെൽ യൂണിറ്റ് സംസ്ഥാന വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ അല്ലാത്ത ഒരു സംയുക്ത സംരംഭമാണ്. പ്രവർത്തന മൂലധനത്തിന്റെ അഭാവവും, കാലഹരണപ്പെട്ടു കൊണ്ടിരിക്കുന്ന ഉത്പ്പന്നങ്ങളും, സാങ്കേതികവിദ്യയും; പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ഉത്പ്പന്നങ്ങൾ വിപണിയിൽ സമയോചിതമായി എത്തിക്കുന്നതിലും ഭെൽ-ന്റെ ഭാഗത്തു നിന്നുള്ള നിസ്സഹകരണം എന്നിവയാണ് കമ്പനി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | സംയുക്ത സംരംഭത്തിന്റെ കരാർപ്രകാരം സംയുക്ത സംരംഭത്തിലെ രണ്ടാമത്തെ ഓഹരി ഉടമയ്ക്ക് മുഴുവൻ ഓഹരിയും ഏറ്റെടുക്കുവാനുള്ള അവസരം ആദ്യം നൽകണം എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ കേരളസർക്കാരിന് കത്ത് നൽകിയതിനെ തുടർന്ന് അതിന്റെ വിവിധവശങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ച് വരികയാണ് |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാസർഗോഡ് BHEL യൂണിറ്റ് നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ ചർച്ച ചെയ്യാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്തിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഇല്ലെങ്കിൽ എപ്പോഴാണ് ഇത്തരത്തിൽ യോഗം വിളിച്ചുചേർക്കാൻ ഉദ്ദേശിക്കുന്നത്;പ്രസ്തുത യോഗത്തിൽ ആരെയെല്ലാമാണ് ക്ഷണിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | യോഗം വിളിക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ